entri

## Current affairs 03 Oct 2025

- **ചൈനയിൽ നടന്ന 2025ലെ ലോക സ്പീഡ് സ്കേറ്റിംഗ് ചാമ്പ്യൻഷിപ്പിൽ പുരുഷന്മാരുടെ 1000 മീറ്റർ സ്പ്രിന്റിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയ ഇന്ത്യൻ താരം**

  ആനന്ദ്കുമാർ വേൽകുമാർ
  - സ്പീഡ് സ്കേറ്റിംഗ് ലോക ചാമ്പ്യൻഷിപ്പിൽ സ്വർണ്ണ മെഡൽ കരസ്ഥമാക്കുന്ന ആദ്യ ഇന്ത്യൻ താരമാണ് ആനന്ദ്കുമാർ വേൽകുമാർ.

---

- **ദക്ഷിണ കൊറിയയിലെ 14-ാമത് പാർക്ക് ക്യോങ്നി സമ്മാനത്തിന് അർഹനായ ഇന്ത്യൻ എഴുത്തുക്കാരൻ**

  അമിതാവ് ഘോഷ്
  - പ്രശസ്ത കൊറിയൻ നോവലിസ്റ്റ് പാക് ക്യോങ്-നിയുടെ സ്മരണയ്ക്കായി ടോജി കൾച്ചറൽ ഫൗണ്ടേഷൻ സ്ഥാപിച്ച വാർഷിക അവാർഡാണ് പാർക്ക് ക്യോങ്നി സമ്മാനം.

---

- **ഭരണത്തിൽ ജനങ്ങളുടെ പങ്കാളിത്തമുറപ്പാക്കുന്നതിനും സർക്കാരിനും ജനങ്ങൾക്കുമിടയിലുള്ള ആശയവിനിമയം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ആരംഭിച്ച പുതിയ പദ്ധതി**

  മുഖ്യമന്ത്രി എന്നോടൊപ്പം (സിഎം വിത്ത് മി)
  - ജനകീയ വിഷയങ്ങളിൽ അതിവേഗ പരിഹാരം എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് ഈ സംരംഭം.

---

- **ഗർഭിണികൾക്കും അമ്മമാർക്കും ആയുർവേദ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ പരിചരണം നൽകാനായി വനിതാ സഹകരണ സംഘങ്ങളുടെ സംസ്ഥാന ഫെഡറേഷനായ വനിത ഫെഡ് (വുമൺ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ) ആരംഭിച്ച പദ്ധതി**

  സൂതികാമിത്രം

---

- **രാജ്യത്തെ ഏറ്റവും വലിയ ദേശീയ ഭിന്നശേഷി കലാമേളയായ സമ്മോഹന്റെ രണ്ടാം പതിപ്പിന്റെ വേദി**

  തിരുവനന്തപുരം, കേരളം



ആനന്ദ്കുമാർ വേൽകുമാർ



അമിതാവ് ഘോഷ്

4.8 ★ Download the app now | Learn in Malayalam